# 167/2014-M

Maximum : 100 marks

Time : 1 hour and 15 minutes

1. 1932 ലെ ഭരണഘടനാ പരിഷ്ക്കാരങ്ങളോടുള്ള പ്രതിഷേധമായി തിരുവിതാംകൂറിൽ ആരംഭിച്ച സമരം ഏത്?
   - (A) വൈക്കം സത്യാഗ്രഹം
   - (B) നിവർത്തന പ്രക്ഷോഭം
   - (C) മലയാളി മെമ്മോറിയൽ
   - (D) ഉപ്പ് സത്യാഗ്രഹം

2. 2011 ലെ സെൻസസ് പ്രകാരം കേരളത്തിലെ ഏറ്റവും ജനസാന്ദ്രതയേറിയ ജില്ല ഏത്?
   - (A) ആലപ്പുഴ
   - (B) മലപ്പുറം
   - (C) തിരുവനന്തപുരം
   - (D) കോഴിക്കോട്

3. നക്ഷത്ര ആമകൾ കാണപ്പെടുന്ന കേരളത്തിലെ വന്യജീവിസങ്കേതം ഏത്?
   - (A) ചിന്നാർ
   - (B) പേപ്പാറ
   - (C) പറമ്പികുളം
   - (D) നെയ്യാർ

4. കേരളത്തിൽ ഏറ്റവും കൂടുതൽ വ്യവസായ സ്ഥാപനങ്ങളുള്ള ജില്ല ഏതാണ്?
   - (A) എറണാകുളം
   - (B) കോഴിക്കോട്
   - (C) കണ്ണൂർ
   - (D) തിരുവനന്തപുരം

5. ഭൂരഹിതർ ഇല്ലാത്ത കേരളത്തിലെ ആദ്യ ജില്ലയായി പ്രഖ്യാപിക്കപ്പെട്ടത് ഏത്?
   - (A) ഇടുക്കി
   - (B) കോട്ടയം
   - (C) കണ്ണൂർ
   - (D) തിരുവനന്തപുരം

6. ഛത്തീസ്ഗഢുമായി അതിർത്തി പങ്കിടാത്ത സംസ്ഥാനം ഏത്?
   - (A) ഒഡീഷ
   - (B) മദ്ധ്യപ്രദേശ്
   - (C) മഹാരാഷ്ട്ര
   - (D) പശ്ചിമബംഗാൾ

7. വനവിസ്തൃതി കൂടുതലുള്ള കേന്ദ്രഭരണപ്രദേശം :
   - (A) ആന്തമാൻ നിക്കോബാർ ദ്വീപുകൾ
   - (B) ചണ്ഡീഗഢ്
   - (C) പുതുച്ചേരി
   - (D) ദാമൻ ദിയു

8. യു.എസ്.എ.യിലെ ടെന്നസി വാലി അതോറിറ്റിയുടെ മാതൃകയിൽ ഇന്ത്യയിൽ ആരംഭിച്ച നദീതടപദ്ധതി ഏത്?

(A) ദാമോദർ നദീതട പദ്ധതി
(B) കോസി നദീതട പദ്ധതി
(C) ചമ്പൽ നദീതട പദ്ധതി
(D) നർമ്മദാ നദീതട പദ്ധതി

9. ഗംഗാ നദിയുടെ പോഷക നദികളിൽപ്പെടാത്തത് :

(A) ഗോമതി
(B) കെൻ
(C) കോസി
(D) ലൂഹിത്

10. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ചെമ്പ് നിക്ഷേപമുള്ള സംസ്ഥാനം ഏതാണ്?

(A) ഒഡീഷ
(B) മദ്ധ്യപ്രദേശ്
(C) രാജസ്ഥാൻ
(D) ജാർഖണ്ഡ്

11. ഉത്തര റെയിൽവേയുടെ ആസ്ഥാനം ഏത്?

(A) മാലിഗാവ്
(B) ന്യൂഡെൽഹി
(C) ജയ്പൂർ
(D) അലഹബാദ്

12. രാജാ സാൻസി അന്താരാഷ്ട്ര വിമാനത്താവളം സ്ഥിതിചെയ്യുന്നത് എവിടെ?

(A) ഗുവാഹതി
(B) പൂനെ
(C) നാഗ്പൂർ
(D) അമൃത്സർ

13. റൂർക്കല ഉരുക്കുശാല ആരംഭിക്കുന്നതിന് സാങ്കേതിക സഹായം നൽകിയ രാജ്യം ഏതാണ്?

(A) റഷ്യ
(B) ജർമ്മനി
(C) ഇംഗ്ലണ്ട്
(D) ജപ്പാൻ

14. ഹിന്ദു-മുസ്ലീം സംസ്കാരികാംശങ്ങളെ ഉൾക്കൊള്ളുന്ന ക്ലാസ്സിക്കൽ നൃത്തരൂപം ഏത്?

(A) കുച്ചുപ്പുടി
(B) ഒഡിസി
(C) കഥക്
(D) സാത്രിയ

15. ഇന്ത്യയിലെ ഏറ്റവും ഉയരമുള്ള കൊടുമുടി ഏത്?

(A) ഗോഡ്‌വിൻ ആസ്റ്റിൻ
(B) കാഞ്ചൻജംഗ
(C) നംഗപർവ്വതം
(D) എവറസ്റ്റ്

16. ഇന്ത്യയിലാദ്യമായി കമ്പോള നിയന്ത്രണ പരിഷ്കാരം ഏർപ്പെടുത്തിയ സുൽത്താൻ ആര്?

(A) മുഹമ്മദ് ബിൻ തുഗ്ലക്ക്
(B) ബാൽബൻ
(C) സിക്കന്ദർ ലോധി
(D) അലാവുദ്ദീൻ ഖിൽജി

17. പ്രഭുവായിപ്പിറന്ന ദർവേഷ് എന്ന് വിളിക്കപ്പെട്ട മുഗൾ ചക്രവർത്തി ആരായിരുന്നു?

(A) ജഹാംഗീർ
(B) ഷാജഹാൻ
(C) ഔറംഗസീബ്
(D) അക്ബർ

18. ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരത്തിൽ ഗറില്ലാ സമരം നടത്തിയ നേതാവ് :

(A) താന്തിയാതോപ്പി
(B) നാനാസാഹിബ്
(C) റാണി ലക്ഷ്മീഭായി
(D) ബഹദൂർഷാ രണ്ടാമൻ

19. ഇന്ത്യയുടെ പതാക സാർവ്വദേശീയ വേദിയിൽ ആദ്യമായി ഉയർത്തിയത് ആര്?

(A) മാഡം കാമ
(B) ശാന്തിഘോഷ്
(C) കൽപ്പനദത്ത്
(D) ആനിബസന്റ്

20. ലാഹോർ കോൺഗ്രസ്സ് സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ ആര്?

(A) ഗാന്ധിജി
(B) ജവഹർലാൽ നെഹ്റു
(C) സുഭാഷ് ചന്ദ്രബോസ്
(D) സരോജിനി നായിഡു

21. ഫസൽ അലി കമ്മീഷന്റെ അടിസ്ഥാനത്തിൽ 1956 ൽ രൂപീകൃതമായ സംസ്ഥാനങ്ങളുടെ എണ്ണം എത്രയായിരുന്നു?

(A) ആറ്
(B) പതിനാല്
(C) ഇരുപത്
(D) പതിനാറ്

22. ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണ കേന്ദ്രം ഏത്?

(A) തുമ്പ
(B) ശ്രീഹരിക്കോട്ട
(C) ഹൈദരാബാദ്
(D) ബാംഗ്ലൂർ

23. ഇന്ത്യയുമായി സിംല കരാറിൽ ഒപ്പിട്ട രാജ്യമേത്?

(A) ചൈന
(B) റഷ്യ
(C) പാക്കിസ്ഥാൻ
(D) ബംഗ്ലാദേശ്

24. സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ ഗവർണ്ണർ ജനറൽ :

(A) സി. രാജഗോപാലാചാരി
(B) മൗണ്ട് ബാറ്റൺ പ്രഭു
(C) ക്യാനിങ്ങ് പ്രഭു
(D) ഡോ. രാജേന്ദ്രപ്രസാദ്

25. സമ്പൂർണ്ണ വിപ്ലവത്തിന്റെ ഉപജ്ഞാതാവ് ആര്?

(A) ജയപ്രകാശ് നാരായണൻ
(B) ആചാര്യ വിനോബാഭാവെ
(C) ബാലഗംഗാധര തിലകൻ
(D) മംഗൾപാണ്ഡെ

26. ഇന്ത്യയുടെ ഒന്നാം പഞ്ചവത്സര പദ്ധതിയിൽ മുഖ്യ ഊന്നൽ കൊടുത്ത മേഖല ഏതായിരുന്നു?

(A) വ്യവസായം
(B) കൃഷി
(C) സേവനമേഖല
(D) ദാരിദ്ര്യ നിർമ്മാർജ്ജനം

27. 1969 ൽ ഇന്ത്യയിൽ ദേശസാൽക്കരിക്കപ്പെട്ട ബാങ്കുകളുടെ എണ്ണം എത്ര?

(A) 6
(B) 14
(C) 20
(D) 19

28. ഇന്ത്യയിൽ കൃഷിക്കും ഗ്രാമീണ വികസനത്തിനുമുള്ള ദേശീയ ബാങ്ക് ഏത്?

(A) ആർ.ബി.ഐ.
(B) ഐ.ബി.ആർ.ഡി.
(C) എസ്.ബി.ഐ.
(D) നബാർഡ്

29. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ആസ്ഥാനം എവിടെ?

(A) ഡൽഹി
(B) മുംബൈ
(C) കൊൽക്കത്ത
(D) ചെന്നൈ

30. വോട്ടിങ്ങ് പ്രായം 21-ൽ നിന്ന് 18 ആയി കുറച്ച ഇന്ത്യൻ ഭരണഘടന ഭേദഗതി ഏത്?

(A) 52-ാം ഭേദഗതി
(B) 61-ാം ഭേദഗതി
(C) 69-ാം ഭേദഗതി
(D) 56-ാം ഭേദഗതി

31. ഇന്ത്യയുടെ പ്രഥമ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ആരായിരുന്നു?

(A) ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ
(B) ജസ്റ്റിസ് രംഗനാഥമിശ്ര
(C) ജസ്റ്റിസ് എച്ച്.ജെ. കനിയ
(D) ജസ്റ്റിസ് എസ്. രാജേന്ദ്രബാബു

32. വിവരാവകാശ നിയമപ്രകാരം അപേക്ഷകന് ഇൻഫർമേഷൻ ഓഫീസർ പരമാവധി എത്ര ദിവസത്തിനകം വിവരം നൽകണം?

(A) 25 ദിവസം
(B) 20 ദിവസം
(C) 30 ദിവസം
(D) 15 ദിവസം

33. സ്ത്രീ, ബാല പീഢനക്കേസുകൾ വിചാരണ ചെയ്യാൻ ഇന്ത്യയിലെ ആദ്യത്തെ ഫാസ്റ്റ്ട്രാക്ക് കോടതി ആരംഭിച്ചത് എവിടെ?

(A) മാൾഡ
(B) കൊച്ചി
(C) കോഴിക്കോട്
(D) മുംബൈ

34. വിവര സാങ്കേതിക നിയമം 2000 പ്രകാരം സൈബർ കുറ്റകൃത്യം ആവർത്തിക്കുകയാണെങ്കിൽ ലഭിക്കാവുന്ന ശിക്ഷ എന്ത്?

(A) 3 വർഷം വരെ തടവും 5 ലക്ഷം രൂപ വരെ പിഴയും
(B) 5 വർഷം വരെ തടവും 10 ലക്ഷം രൂപ വരെ പിഴയും
(C) 1 വർഷം വരെ തടവും 3 ലക്ഷം രൂപ വരെ പിഴയും
(D) 3 വർഷം വരെ തടവും 2 ലക്ഷം രൂപ വരെ പിഴയും

35. മാനഭംഗക്കേസുകളിൽ നിയമപരമായി നൽകാവുന്ന ശിക്ഷകളെക്കുറിച്ച് പഠിക്കാനായി ഇന്ത്യ ഗവണ്മെന്റ് നിയമിച്ച കമ്മീഷന്റെ ചെയർമാൻ ആര്?

(A) ജസ്റ്റിസ് ജെ.എസ്. വർമ്മ
(B) ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ
(C) ജസ്റ്റിസ് എസ്. രാജേന്ദ്രബാബു
(D) ജസ്റ്റിസ് ലളിത് മോഹൻ ശർമ്മ

36. ലോകസഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ കേന്ദ്രഭരണപ്രദേശങ്ങളിൽ സ്ഥാനാർത്ഥികൾക്ക് ചെലവഴിക്കാവുന്ന തുകയുടെ പരിധി എത്ര?

(A) 70 ലക്ഷം
(B) 54 ലക്ഷം
(C) 28 ലക്ഷം
(D) 40 ലക്ഷം

37. ജി. 8 ൽ നിന്നും 2014-ൽ പുറത്താക്കപ്പെട്ട രാജ്യമേത്?

(A) ജർമ്മനി
(B) ഇറ്റലി
(C) റഷ്യ
(D) ജപ്പാൻ

38. 2014 ലെ ട്വന്റി 20 ലോകകപ്പിൽ ഫൈനൽ മത്സരത്തിൽ മാൻ ഓഫ് ദി മാച്ചായി തെരഞ്ഞെടുക്കപ്പെട്ട താരം ആര്?

(A) കുമാർസംഗക്കാര
(B) ലസിത്മലിംഗ
(C) വിരാട് കോലി
(D) ആർ. അശ്വിൻ

39. ഇന്ത്യയുടെ സുപ്രീംകോടതിയുടെ 41-ാം ചീഫ് ജസ്റ്റിസായി നിയമിതനായതാര്?

(A) ജസ്റ്റിസ് പി. സദാശിവം
(B) ജസ്റ്റിസ് ആർ.എം. ലോധ
(C) ജസ്റ്റിസ് എസ്.എച്ച്. കപാഡിയ
(D) ജസ്റ്റിസ് എ. അൽത്തമാസ് കബീർ

40. 2013-ലെ സരസ്വതി സമ്മാൻ പുരസ്കാരം നേടിയതാര്?

(A) സുഗതകുമാരി
(B) പുതുശ്ശേരി രാമചന്ദ്രൻ
(C) ഗോവിന്ദ്മിശ്ര
(D) ഹരിവംശ് റായ് ബച്ചൻ

41. ഓസോൺ കാണപ്പെടുന്ന അന്തരീക്ഷ മണ്ഡലം ഏത്?

(A) സ്ട്രാറ്റോസ്ഫിയർ
(B) മിസോസ്ഫിയർ
(C) തെർമോസ്ഫിയർ
(D) ട്രോപ്പോസ്ഫിയർ

42. പ്രതിരോധ ആവശ്യത്തിനായി ഇന്ത്യ വിക്ഷേപിച്ച ആദ്യത്തെ ഉപഗ്രഹം ഏതാണ്?

(A) സരൾ
(B) കാർട്ടോസാറ്റ്-2A
(C) ഇൻസാറ്റ് 3 സി
(D) ജി സാറ്റ് 7

43. ലോക ആരോഗ്യദിനമായി ആചരിക്കുന്ന ദിവസമേത്?

(A) മാർച്ച് 22
(B) ഏപ്രിൽ 5
(C) ഏപ്രിൽ 7
(D) മാർച്ച് 21

44. മഞ്ഞവിപ്ലവം എന്തിനെ സൂചിപ്പിക്കുന്നു?

(A) പാലുല്പാദനം
(B) ഔഷധനിർമ്മാണം
(C) തുകൽ ഉല്പാദനം
(D) എണ്ണക്കുരു ഉല്പാദനം

45. അന്താരാഷ്ട്ര ഉഷ്ണമേഖലാ വൃക്ഷ സംഘടനയുടെ ആസ്ഥാനം എവിടെ?

(A) യോക്കോഹാമ
(B) റോം
(C) ആംസ്റ്റർഡാം
(D) പാരീസ്

46. പരിസ്ഥിതി സംരക്ഷണത്തിനും വികസനത്തിനുമുള്ള ആദ്യ ലോക സമ്മേളനം നടന്നത് എവിടെ?

(A) ക്യോട്ടോ
(B) സ്റ്റോക്ക്ഹോം
(C) കോപ്പൻഹേഗൻ
(D) മോൺട്രിയൽ

47. ഭക്ഷ്യ-കാർഷിക സംഘടനയുടെ (FAO) ആസ്ഥാനം എവിടെ?

(A) ജനീവ
(B) വിയന്ന
(C) റോം
(D) ന്യൂയോർക്ക്

48. അന്തരീക്ഷമർദ്ദം അളക്കുന്ന ഉപകരണം ഏത്?

(A) ഹൈഗ്രോമീറ്റർ
(B) ബാരോമീറ്റർ
(C) സീസ്മോഗ്രാഫ്
(D) എക്കോസൗണ്ടർ

49. മഴമേഘങ്ങൾ എന്നറിയപ്പെടുന്നത് ഏത്?

(A) ക്യുമുലസ് മേഘങ്ങൾ
(B) സിറസ് മേഘങ്ങൾ
(C) സ്ട്രാറ്റസ് മേഘങ്ങൾ
(D) നിംബസ് മേഘങ്ങൾ

50. ക്യോട്ടോ ഉടമ്പടിയിൽ നിന്നും 2011-ൽ പിൻവാങ്ങിയ രാജ്യമേത്?

(A) കാനഡ
(B) ഇന്ത്യ
(C) സ്വീഡൻ
(D) ജപ്പാൻ

51. സംസാരിക്കുന്ന റോബോട്ടിനെ ആദ്യമായി ബഹിരാകാശത്ത് എത്തിച്ച രാജ്യമേത്?

(A) യു.എസ്.എ.
(B) റഷ്യ
(C) ജപ്പാൻ
(D) ചൈന

52. ഈഡിസ് പെൺ കൊതുകുകൾ പടർത്തുന്ന രോഗമേത്?

(A) ഡെങ്കിപ്പനി (B) മന്ത്

(C) എലിപ്പനി (D) പന്നിപ്പനി

53. കേരളത്തിൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി ആദ്യമായി ആരംഭിച്ചത് എവിടെ?

(A) വിഴിഞ്ഞം (B) കഞ്ചിക്കോട്

(C) വാഗമൺ (D) വണ്ടൻമേട്

54. ഏറ്റവും ശോഭയോടുകൂടി തിളങ്ങുന്ന ഗ്രഹമേത്?

(A) ചൊവ്വ (B) ശനി

(C) വ്യാഴം (D) ശുക്രൻ

55. സി.റ്റി. സ്കാൻ കണ്ടുപിടിച്ചതാര്?

(A) വില്യം റോൺജൻ (B) വാൾട്ടർഗ്രേ

(C) ചാൾസ് ബാബേജ് (D) ഗോഡ്ഫ്രെ ഹൗസ് ഫീൽഡ്

56. സൈലന്റ് സ്പ്രിംഗ് എന്ന പുസ്തകം രചിച്ചതാര്?

(A) മോഡ് ബാർലോ (B) റേയ്ച്ചൽ കാഴ്സൺ

(C) വന്ദന ശിവ (D) വാൻഗാരി മാതായി

57. മൊബൈൽ ഫോൺ കണ്ടുപിടിച്ചതാര്?

(A) നോർമൻ ബ്രൂഡ്‌ലാൻഡ് (B) റേ ടോമിൾസൺ

(C) മാർട്ടിൻ കൂപ്പർ (D) ബിമൂർ തേ

58. ഭൂമിയിൽ തുല്യമായ രാത്രിയും പകലും അനുഭവപ്പെടുന്ന ദിനം ഏത്?

(A) ഡിസംബർ 22 (B) സെപ്തംബർ 20

(C) മാർച്ച് 21 (D) ജൂൺ 21

59. ലോകത്തിൽ ഏറ്റവും ഉയർന്ന വേലിയേറ്റം അനുഭവപ്പെടുന്നത് എവിടെ?

(A) ഫണ്ടി ഉൾക്കടൽ (B) കാലിഫോർണിയ ഉൾക്കടൽ

(C) പേർഷ്യൻ ഉൾക്കടൽ (D) ബെറിങ് കടൽ

60. ഉപോഷ്ണ ഉച്ചമർദ്ദമേഖലാ പ്രദേശങ്ങളിൽ നിന്നും മദ്ധ്യരേഖാ ന്യൂനമർദ്ദമേഖലാ പ്രദേശങ്ങളിലേക്ക് വീശുന്ന കാറ്റുകൾ ഏതാണ്?

(A) വാണിജ്യവാതങ്ങൾ (B) പശ്ചിമവാതങ്ങൾ

(C) ധ്രുവീയ വാതങ്ങൾ (D) മൺസൂൺ കാറ്റുകൾ

61. In which of the following sentences the word 'clean' is used as verb?

(A) Clean your room by yourself
(B) I need a clean paper
(C) She left the room clean
(D) Cleaning must be practised by all

62. Choose the wrong sentence :

(A) Hundred rupees is not a big amount
(B) One of my friends have visited me yesterday
(C) As well as her mother, she cooks well
(D) Neither he nor she has come for the test

63. Which of the following means the opposite of 'precarious'?

(A) Proud
(B) Humble
(C) Secure
(D) Greedy

64. Select the suitable reported form of the given sentence :

"Have you taken your umbrella, Vishal?" Mother asked.

(A) Mother asked Vishal whether he have taken his umbrella
(B) Mother asked Vishal whether he has had taken his umbrella
(C) Mother asked Vishal whether he has taken his umbrella
(D) Mother asked Vishal whether he had taken his umbrella

65. In which of the following sentences, the word 'fast' is used as adverb?

(A) A fast movement made him winner
(B) The child ran fast and escaped the dog
(C) She is really fast
(D) I reached earlier as my watch was fast

Direction (66–71) : Choose the correct option to fill up the blanks :

66. The place ———— I met my old friend was Kodaikanal.

(A) what
(B) that
(C) when
(D) where

67. The girl sings well, ————?

(A) Does she?
(B) Isn't she?
(C) Doesn't she?
(D) Is she?

68. Before he reached the class, the teacher ———— the lesson.

(A) had started
(B) started
(C) has started
(D) was started

69. If you go now, you ———— the train.

(A) would get
(B) will get
(C) get
(D) would have got

70. She had no difficulty ———————— the exam.

(A) in passing
(B) to pass
(C) for pass
(D) on passing

71. She ———————— the bus.

(A) got up
(B) got over
(C) got off
(D) got by

72. Choose the meaning of the word 'haughty' :

(A) happy
(B) fortunate
(C) angry
(D) arrogant

73. Select the compound word from the following :

(A) Good – scented
(B) Writing – statement
(C) Hypothecation – deed
(D) Butter – ghee

74. Choose the feminine gender of 'Fox' :

(A) filly
(B) vixen
(C) mare
(D) lass

75. What does the word 'prima facie' mean?

(A) at first face
(B) at prime face
(C) at prime time
(D) at first sight

76. Substitute a one word for 'a place where money is coined' :

(A) mint
(B) moor
(C) monocle
(D) mire

77. What does the word 'artiste' mean?

(A) a person who does skilled work
(B) a person who creates works of art, especially paintings or drawings
(C) a professional entertainer such as a singer, a dancer or an actor
(D) a person who teaches painting or drawing

78. Choose the correctly spelt word :

(A) Moto
(B) Moustache
(C) Mounten
(D) Mosqito

79. The Idiom 'let the cat out of the bag' means :

(A) put forward a matter to public attention
(B) save someone from a danger
(C) understand and share the feelings of others
(D) tell a secret by mistake

80. Choose the correct sentence from the following :

(A) Nirmal came direct from Delhi
(B) Nirmal came directly from Delhi
(C) Nirmal directly came from Delhi
(D) Direct Nirmal came from Delhi

81. $12\frac{3}{4}+8\frac{1}{2}+7\frac{1}{4}-3\frac{1}{2}=$

(A) $18\frac{1}{2}$ (B) $28\frac{1}{2}$

(C) 25 (D) 28

82. ഒരു ടി.വി.യുടെ വില വർഷം തോറും 10% കുറയുന്നു. ഇപ്പോഴത്തെ വില 32,000 രൂപ ആയാൽ 2 വർഷം കഴിഞ്ഞാൽ ടി.വി.യുടെ വില എത്ര രൂപയായിരിക്കും?

(A) 25,600 (B) 25,900

(C) 25,620 (D) 25,920

83. 0.04 ന്റെ വർഗ്ഗം :

(A) 0.016 (B) 0.0016

(C) 0.16 (D) 0.00016

84. $\frac{(a^5 \times b^{-3} \times c^{-2})(a^{-4} \times b^4 \times c^3)}{abc}=$

(A) $abc$ (B) $a^2b^2c^2$

(C) 0 (D) 1

85. ഒരു ക്ലാസ്സിലെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എണ്ണത്തിന്റെ അംശബന്ധം 2 : 3 ആണ്. ആൺകുട്ടികളുടെ എണ്ണം 18 ആയാൽ ആകെ കുട്ടികളുടെ എണ്ണം എത്ര?

(A) 45 (B) 48

(C) 54 (D) 40

86. 2 ഗോളങ്ങളുടെ വ്യാപ്തങ്ങൾ തമ്മിലുള്ള അംശബന്ധം 27 : 64 ആയാൽ ആരങ്ങൾ തമ്മിലുള്ള അംശബന്ധം എന്ത്?

(A) 9 : 8 (B) 3 : 4

(C) 8 : 9 (D) 4 : 3

87. ഒരു സമാന്തര പ്രോഗ്രഷന്റെ (A.P.) തുടർച്ചയായ 5 പദങ്ങളുടെ തുക 80 ആയാൽ മധ്യപദം എത്ര?

(A) 14 (B) 16

(C) 18 (D) 20

88. ഒരു സമചതുരത്തിന്റെ ഒരു വശം $\sqrt{x}$ ആയാൽ അതിന്റെ വിസ്തീർണ്ണം എത്ര?

(A) $x^3$ (B) $4\sqrt{x}$

(C) $x^2$ (D) $x$

89. 1 മുതൽ 100 വരെയുള്ള നിസർഗ്ഗസംഖ്യകളുടെ ശരാശരി എത്ര? (100 ഉൾപ്പെടെ)

(A) 5050 (B) 50.50

(C) 5.050 (D) 100

90. സ്കൂട്ടറിൽ 36 കി.മീ. വേഗതയിൽ സഞ്ചരിച്ച് 4 മണിക്കൂർ കൊണ്ട് സ്കൂളിലെത്തുന്ന അധ്യാപകൻ 3 മണിക്കൂർ കൊണ്ട് സ്കൂളിലെത്തണമെങ്കിൽ സ്കൂട്ടറിന്റെ വേഗം എത്ര കിലോമീറ്റർ ആക്കണം?

(A) 48 (B) 40

(C) 46 (D) 45

91. $11, 8, 4, -1,$ —— അടുത്ത സംഖ്യ :

(A) $-7$ (B) $-6$

(C) $-8$ (D) $-5$

92. $\frac{10}{2}[4 \times 5 + (26-1)4] =$

(A) 200 (B) 900

(C) 800 (D) 600

93. താഴെ പറയുന്നവയിൽ ഒറ്റയാൻ ഏത്?

(A) വൃത്തസ്തംഭം (B) സമചതുരസ്തംഭം

(C) ക്യൂബ് (D) ചതുരസ്തംഭം

94. ഒരു വാട്ടർടാങ്കിന്റെ വ്യാപ്തം 1.5 ഘനമീറ്റർ ആയാൽ അതിൽ എത്ര ലിറ്റർ വെള്ളം കൊള്ളും?

(A) 150 (B) 1500

(C) 15000 (D) 1000

95. 2000 ഡിസംബർ 31 ഏത് ദിവസമായിരുന്നു?

(A) തിങ്കൾ (B) ശനി

(C) ഞായർ (D) ഇതൊന്നുമല്ല

96. ഏറ്റവും ചെറിയ അഭാജ്യസംഖ്യയുടെയും ഏറ്റവും വലിയ രണ്ടക്ക അഭാജ്യസംഖ്യയുടെയും തുക എത്ര?

(A) 97 (B) 98

(C) 99 (D) 100

97. 16 മീറ്റർ ഉയരമുള്ള കവുങ്ങ് 6 മീറ്റർ ഉയരത്തിൽ നിന്നൊടിഞ്ഞ് തറയിൽ മുട്ടി നിൽക്കുന്നു. കവുങ്ങിന്റെ ചുവടും അറ്റവും തമ്മിലുള്ള കുറഞ്ഞ ദൂരമെന്ത്?

(A) 8 (B) 10

(C) 12 (D) 14

98. സമയം 12.20 ആകുമ്പോൾ വാച്ചിലെ മണിക്കൂർ സൂചിക്കും മിനിട്ട് സൂചിക്കും ഇടയിലുള്ള കോണളവ് എത്ര?

(A) 110 (B) 120

(C) 115 (D) 125

99. $1 - 0.64 =$

(A) 0.036 (B) 0.46

(C) 0.36 (D) 0.64

100. ഒരു റോഡ് റോളറിന്റെ ആരം 50 സെന്റീമീറ്ററും നീളം 1 മീറ്ററും ആണ്. ഇത് ഒരു പ്രാവശ്യം ഉരുണ്ടു നീങ്ങിയാൽ നിരപ്പാകുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം എത്ര ചതുരശ്രമീറ്റർ?

(A) 0.314 (B) 31.4

(C) 314 (D) 3.14